പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1580 11.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക

ചോദ്യം

ശ്രീ. വി.ടി.ബൽറാം

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻകാർക്ക് എത്ര മാസത്തെ പെൻഷൻ കുടിശിക ഉണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | രണ്ട് മാസത്തെ മുഴുവൻ പെൻഷനും ഒരു മാസത്തെ പകുതി തുകയും ഒരു മാസത്തെ പതിനായിരത്തിനു മുകളിലുള്ള തുകയും നല്കാനുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പെൻഷൻ യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലമാണ് യഥാസമയം പെൻഷൻ നൽകാൻ കഴിയാത്തത്. |
| (സി) | പെൻഷൻ തുക ലഭിക്കാത്തത് മൂലം ചികിത്സ മുടങ്ങി കെ.എസ്. ആർ.ടി.സി. പെൻഷൻകാരനായ നന്നാട്ടുകാവ് കൃഷ്ണകൃപയിൽ സുകുമാരൻ നായർ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പെൻഷൻ തുക അകാരണമായി വൈകുന്നതിന് ശാശ്വതപരിഹാരം കണ്ടെത്തുമോ? | (ഡി) | പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുവാൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞപലിശയ്ക്കും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പ തരപ്പെടുത്തുവാൻ കെ.എസ്.ആർ.ടി.സി ശ്രമിച്ചു വരുന്നു. ഇത് യാഥാർത്ഥ്യമാകുന്നതോടെ പെൻഷൻ കുടിശ്ശിഖ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. |

സെക്ഷൻ ഓഫീസർ